LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക, കൂടുതൽ കർഷകരെയും, സംരംഭകരെയും, സ്വയംസഹായ സംഘങ്ങളെയും, ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കുക, ഈ മേഖലയിൽ നിലവിലുള്ള കർഷകർക്ക് ലാഭകരമായ ക്ഷീരോല്പാദനത്തിന് പ്രചോദനം നൽകുക, ഉല്പാദനക്ഷമത കൂടിയ കറവപ്പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക, ഗ്രാമീണമേഖലാടിസ്ഥാനത്തിലുള്ള പാൽ സഹകരണ മേഖലയിലൂടെ വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘങ്ങളുടെ ശാക്തീകരണം, ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ കൂടാതെ സംസ്ഥാനത്തിനകത്തു നിന്നും തന്നെ ഉല്പാദനക്ഷമത കൂടിയ കറവപ്പശുക്കളെ വളർത്തിയെടുക്കുന്നതിന് കിടാരി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് പദ്ധതികളുടെ നടത്തിപ്പിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്. ഇതിനായി ക്ഷീരകർഷകർ, കുടുംബശ്രീ/സ്വയംസഹായ സംഘങ്ങൾ, വിവിധ ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ, മൃഗസംരക്ഷണവകുപ്പ്, മിൽമ മേഖലാ യൂണിയനുകൾ, കെ.എൽ.ഡി.ബോർഡ് തുടങ്ങിയ സഹോദര സ്ഥാപനങ്ങൾ വകുപ്പുമായി സഹകരിക്കുന്നു.

(സി) വിവിധ പദ്ധതികൾ തയ്യാറാക്കി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുകയും ജില്ലാ/യൂണിറ്റുതല ഓഫീസുകൾ മുഖേന ടി പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

രാജാരവിവർമ്മ സ്മാരകം

70 (1444) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന് ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സ്മാരകത്തിന്റെ ഭാഗമായി എന്തെല്ലാം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നിർമ്മാണം എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ;

(സി) സ്മാരക നിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ഫണ്ട് ലഭ്യമായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന് ഇതുവരെ 1,22,40,713 രൂപ (ഒരു കോടി ഇരുപത്തിരണ്ട് ലക്ഷത്തി നാൽപ്പതിനായിരത്തി എഴുന്നൂറ്റിപ്പതിമൂന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ബി) രാജാരവിവർമ്മ സ്മാരകത്തിന്റെ ഭാഗമായി രവിവർമ്മയുടെ ഛായാ ശിൽപ നിർമ്മാണം നടന്നുവരുന്നു. ഓപ്പൺ എയർ തിയേറ്ററിന്റെ റൂഫിങ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

മഹാകവി പി. കുഞ്ഞിരാമൻ നായരുടെ സ്മാരകം

71 (1445) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി പി. കുഞ്ഞിരാമൻ നായരുടെ സ്മരണയ്ക്കായി ഈ സർക്കാർ ഓരോ വർഷവും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പി. യുടെ ജന്മനാടായ കാഞ്ഞങ്ങാട്ടെ സ്മാരകത്തിന്റെ വികസനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി ഫണ്ട് നീക്കിവെച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സർക്കാർ തലത്തിൽ മഹാകവി പി. കുഞ്ഞിരാമൻ നായരുടെ അനുസ്മരണം സംഘടിപ്പിച്ചിട്ടില്ല.

(ബി&സി) ഇല്ല.

പന്തൽ, ടെന്റ്, ലൈറ്റ് & സൗണ്ട് തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം

72 (1446) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പന്തൽ, ടെന്റ്, ലൈറ്റ് & സൗണ്ട് എന്നീ മേഖലകളിലെ തൊഴിലാളികളെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly